എക്സൈസുകാരന്റെ അക്രമം.

*290. MR. A. V. JOSEPH (*Kunnathunadu I—General*): താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട എക്സൈസുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

കുന്നത്തുനാട്ടുതാലൂക്കിൽ തൃക്കാക്കര പകുതിയിൽ കുന്നാഞ്ഞലി ചെറായിയിലെ ഒരു എക്സൈസുകാരൻ കഴിഞ്ഞമാസം 12-ാംനു- ആലി മരയ്ക്കാർ എന്നയാളെ ദേഹോപദ്രവം ഏൽപ്പിച്ചതായി വല്ല പരാതിയും ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതേപ്പറ്റി എന്തു നടപടി സ്വീകരിച്ചു?

HON'BLE MR. E. K. MADHAVAN: പരാതികിട്ടിയിട്ടുണ്ട്. അതേപ്പറ്റി അന്വേഷണം നടത്തിവരികയാണു്.

MR. A. V. JOSEPH: പരാതി കിട്ടിയിട്ടു എത്ര നാളായി?

HON'BLE MR. E. K. MADHAVAN: ജാനുവരി 12-ാംനു- കിട്ടിയതാണു്.

MR. A. V. JOSEPH: അതിന്റെ അന്വേഷണം എന്നു പൂർത്തിയാകുമെന്നു പറയാൻ സാധിക്കുമോ?

HON'BLE MR. E. K. MADHAVAN: അന്വേഷണം കഴിഞ്ഞാൽ ഉടനെ അതു പൂർത്തിയായി എന്നു പറയാൻ സാധിക്കും.

Import of Rice.

*291. MR. P. GOPALAN (*Vaikom III—General*): Will the Hon'ble Minister for Food be pleased to state whether the Government have taken any step to avoid the import of bad quality of rice?

HON'BLE MR. V. O. MARKOS: Government have been repeatedly requesting the Government of India to arrange for the discontinuance of the supply of inferior quality rice from imports.

MR. P. GOPALAN: ഗവണ്മെൻറു നടത്തിയ നടപടിയുടെ ഫലം എന്തായി എന്നു പറയാമോ?

HON'BLE MR. V. O. MARKOS: ചീത്തഅരിയായ സയാംഅരി കുറച്ചും ബർമ്മാഅരി കൂടുതലും തരുന്നുണ്ടു്.

MR. KANNARA GOPALA PANICKER: ഇപ്പോൾ കിട്ടിവരുന്ന നല്ല അരി എല്ലാ സ്ഥലത്തും ഒരുപോലെയാണോ വിതരണം ചെയ്യുന്നതു്?

HON'BLE MR. V. O. MARKOS: അതെ.

MR. CHERIAN J. KAPPAN: അങ്ങനെ ഒരുപോലെ വിതരണം ചെയ്യുന്നുണ്ടെങ്കിൽ പാലാനിന്നു ഗവണ്മെൻറിനു കിട്ടിയിട്ടില്ലേ?

HON'BLE MR. V. O. MARKOS: അങ്ങനെ പല പരാതികളും കിട്ടിയിട്ടുണ്ടു്. പക്ഷെ ആ പരാതികളെല്ലാം തെറ്റാണു്.

LIBRARY ARCHIVES Kerala Legislative Assembly

MR. S. KUTTAN : ഈ റബ്ബർഅരി നമുക്ക് ഇനി എത്രനാൾ കൂടി ഉപയോഗിക്കേണ്ടിവരുമെന്നാണ് ബഹുമാനപ്പെട്ടമന്ത്രിയുടെ അഭിപ്രായം?

HON'BLE MR. V. O. MARKOS : തിരുവിതാംകൂർ ആഹാരകാര്യത്തിൽ സ്വയം പര്യാപ്തതനേടുന്നതുവരെയും റബ്ബർഅരി ഇവിടെ കിട്ടാതാവുന്നതുവരെയും നാം റബ്ബർഅരി ഉപയോഗിക്കേണ്ടിവരും.

MR. K. K. CHELLAPPAN PILLAI (*Mavelikkarai II—General*) : ഇപ്പോൾ സയാംഅരി എത്ര ശതമാനമാണ് കിട്ടിവരുന്നത്?

HON'BLE MR. V. O. MARKOS : കഴിഞ്ഞ രണ്ടു മാസമായി സയാംഅരി ഒ ശതമാനത്തിനു താഴെയാണ് ലഭിക്കുന്നത്. റബ്ബർഅരി അതിന്റെ ഒരംശം മാത്രമേ കിട്ടുന്നുള്ളൂ.

MR. PONNARA G. SREEDHAR : ചില താലൂക്കുകളിൽ റബ്ബർഅരി കൂടുതലായും മറ്റു ചില താലൂക്കുകളിൽ കുറവായും വിതരണം ചെയ്യുകയാണോ?

HON'BLE MR. V. O. MARKOS : ഏതെങ്കിലും ഒരു മാസത്തെയോ അല്ലെങ്കിൽ ഒരാഴ്ചയിലെയോ കണക്കു എടുത്തു നോക്കുമ്പോൾ ചിലപ്പോൾ അങ്ങനെ വ്യത്യാസം കണ്ടേക്കാം. എന്നാൽ ആകെ മൊത്തം അലോട്ടുമെന്റ് എല്ലാതാലൂക്കിലും ഒരേ കണക്കനുസരിച്ചു മാത്രമേ ചെയ്യുന്നുള്ളൂ.

MR. CHERIYAN J. KAPPAN : കോട്ടയം താലൂക്കിൽ സയാംഅരി കൂടുതൽ വിതരണംചെയ്യുന്നതു കോട്ടയം ഡിപ്പോയിലുള്ള കുഴപ്പംകൊണ്ടു കൂടിയാണെന്ന ബഹുമാനപ്പെട്ട മന്ത്രിക്കു തോന്നുന്നുണ്ടോ?

HON'BLE MR. V. O. MARKOS : എനിക്ക് അതറിയാൻ കഴിഞ്ഞിട്ടില്ല.

MR. P. T. CHACKO : ഇവിടത്തെ ജനങ്ങൾ എത്ര പിത്തഅരി തിന്നാലും വേണ്ടില്ല, ഇവിടത്തെ വന്യമൃഗങ്ങൾക്കു കൊടുക്കാൻ പാടില്ലാത്തതു മാത്രം കൂടുതൽ പ്രക്ഷോഭണം നടന്നുവരുന്നതായി ഗവണ്മെന്റിനറിയാമോ?

HON'BLE MR. V. O. MARKOS : അങ്ങനെ ചില ആളുകൾ പറയുന്നുണ്ട്. എന്നാലും കൃഷിയെ അഭിവൃദ്ധിപ്പെടുത്തി ഇവിടത്തെ ഭക്ഷണക്കാര്യത്തെ കഴിവുള്ളതു പരിഹരിക്കുവാൻ ന്യായമായ നിലയിൽ വന്യം പതിച്ചുകൊടുക്കുന്നതിനും ഗവണ്മെന്റു ഉദ്ദേശിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly